പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 829 08.01.2014-ലെ മറുപടിക്ക്

## മെഡിക്കൽ കോളേജുകളുടെയും ആശുപത്രികളുടെയും ശുചിത്വ പരിപാലനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. യു. കുരുവിള :<br>ശ്രീ. സി. എഫ്. തോമസ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) പുതുതായി ആരംഭിക്കുന്ന സർക്കാർ മെഡിക്കൽ കോളേജുകളിൽ എത്ര പുതിയ തസ്തികകളാണ് സൃഷ്ടിക്കപ്പെടുന്നത് എന്ന് വ്യക്തമാക്കാമോ ; | (എ) പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിച്ച മെഡിക്കൽ കോളേജുകളിൽ പ്രവർത്തനം ആരംഭിച്ച മഞ്ചേരി മെഡിക്കൽ കോളേജിനു വേണ്ടി മാത്രമേ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ളൂ. ഒന്നാംഘട്ടത്തിൽ 108 തസ്തികകളും രണ്ടാം ഘട്ടത്തിൽ 147 തസ്തികകളുമാണ് സൃഷ്ടിച്ചത്. |
| (ബി) ഇവയുടെ കെട്ടിടനിർമ്മാണം കാലോചിതമായി പരിഷ്കരിച്ച രീതിയിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; | (ബി) പുതുതായി നിർമ്മിക്കുന്ന സർക്കാർ മെഡിക്കൽ കോളേജുകളിൽ ഓരോ കാമ്പസിന്റെയും പ്രത്യേകതകൾ കണക്കിലെടുത്ത് അനുയോജ്യമായ രീതിയിലുള്ള കെട്ടിട നിർമ്മാണത്തിനാണ് ആസൂത്രണം ചെയ്തുവരുന്നത്. |
| (സി) സർക്കാർ മെഡിക്കൽ കോളേജുകളുടെ പരിപാലനം ശാസ്ത്രീയമായി പരിഷ്കരിച്ച് വൃത്തിയും ഗുണനിലവാരവും സംരക്ഷിക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കുമോ ; | (സി) സർക്കാർ മെഡിക്കൽ കോളേജുകളുടെ പരിപാലനം ശാസ്ത്രീയമായി നിർവ്വഹിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ഇത് ഘട്ടംഘട്ടമായി മാത്രമേ പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (ഡി) വൃത്തിയും ഗുണനിലവാരവും സൂക്ഷിക്കുന്ന പി.എച്ച്.സി., സി.എച്ച്.സി., താലൂക്ക് ആശുപത്രി, ജനറൽ ആശുപത്രി, മെഡിക്കൽ കോളേജ് എന്നിവയ്ക്ക് താലൂക്ക്, ജില്ല, സംസ്ഥാനതലങ്ങളിൽ അവാർഡും പ്രത്യേക സഹായവും നല്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (ഡി) ഇക്കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ